# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 7944 — 24-07-2012-ൽ മറുപടിക്ക്

## ഊർജ്ജ ഓഡിറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ . പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി | ശ്രീ. ആര്യാടൻ മുഹമ്മദ്.<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഇ.എം.സി. ഊർജ്ജ ഓഡിറ്റ് നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ ; | (എ) ഊർജ്ജ സംരംക്ഷണ നിയമം നടപ്പിലാക്കുന്ന ഏജൻസിയാകയാൽ ഇ എം സി നേരിട്ട് ഊർജ്ജ ഓഡിറ്റ് നടത്തുന്നില്ല. G.O. (RT) No. 2/2011/PD dt. 01.01.2011 പ്രകാരം എല്ലാ HT/EHT വൈദ്യുത ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റിങ്ങ് നിർബന്ധമാക്കിയിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം ഊർജ്ജ ഓഡിറ്റിങ്ങ് നടത്തുന്നതിന വേണ്ടി 19 ഊർജ്ജ ഓഡിറ്റിങ്ങ് സ്ഥാപനങ്ങളുടെ പട്ടിക ഇ എം സി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങൾ വഴിയാണ് വൻകിട ഉപഭോക്താക്കൾ ഊർജ്ജ ഓഡിറ്റിങ്ങ് നടത്തേണ്ടത്. |
| (ബി) ഏതെല്ലാം മേഖലയിലാണ് ഊർജ്ജ ഓഡിറ്റ് നടത്തുന്നത്; വിശദാംശം നൽകാമോ ; | (ബി) കേരളത്തിലെ HT/EHT വ്യവസായ, വാണിജ്യ സ്ഥാപനങ്ങൾക്ക് ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഇ എം സി നടത്തിയ പഠനങ്ങളിൽ എല്ലാ മേഖലകളിലും ഊർജ്ജ സംരക്ഷണ സാദ്ധ്യതകൾ കണ്ടെത്തിയിട്ടുണ്ട്. താഴെപ്പറയുന്ന മേഖലകളിൽ തെരഞ്ഞെടുക്കപ്പെട്ട ഓഡിറ്റർമാർ മുഖേന ഊർജ്ജ ഓഡിറ്റ് നടത്തി വരുന്നു.<br>സ്റ്റീൽ റീറോളിങ്ങ്<br>റൈസ് മിൽ<br>കയർ<br>ക്രമ്പ് റബ്ബർ<br>പ്ലൈവുഡ് |
| (സി) വലിയ കെട്ടിടങ്ങളിലും വ്യവസായ മേഖലയിലും എത്ര കാലം കൂടുമ്പോഴാണ് ഊർജ്ജ ഓഡിറ്റ് നടത്തുന്നത്; വിശദാംശം നൽകാമോ ? | (സി) G. O. (RT) No. 2/2011/PD dt. 01.01.2011 പ്രകാരം എല്ലാ HT/EHT വൈദ്യുത ഉപഭോക്താക്കളും 3 വർഷത്തിലൊരിക്കൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് ഇ എം സി യിൽ സമർപ്പിക്കേണ്ടതാണ് |

സെക്ഷൻ ഓഫീസർ.